"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മൈക്രോബയോളജി വിഭാഗത്തിന് കീഴിൽ പ്രവർത്തിക്കുന്ന **VRDL Influenza** പ്രോജക്ടിലെ ജൂനിയർ നഴ്സായ ശ്രീമതി ഗീതു പ്രേം. എ. പി-യുടെ കരാർ സേവന കാലാവധി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.**873/2026/H&FWD** തീയതി, തിരുവനന്തപുരം, **04-03-2026**

---

പരാമർശം:- മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ **15.12.2025** ലെ പി.എ **4/8356/2025**/മെ.വി.വ നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മൈക്രോബയോളജി വിഭാഗത്തിന് കീഴിൽ പ്രവർത്തിക്കുന്ന **VRDL Influenza** പ്രോജക്ടിൽ, അടിയന്തര സാഹചര്യം പരിഗണിച്ച് **29.01.2025** തീയതിയിൽ പ്രിൻസിപ്പൽ തലത്തിൽ നടന്ന ഇൻറർവ്യൂവിന്റെ അടിസ്ഥാനത്തിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖാന്തരം ജൂനിയർ നഴ്സ് തസ്തികയിൽ ശ്രീമതി ഗീതു പ്രേം. എ. പി-യെ നിയമിച്ച നടപടി സാധൂകരിക്കണമെന്നും, ടിയാളുടെ ഒരു വർഷത്തെ കരാർ സേവന കാലാവധി **28.01.2026** നു അവസാനിക്കുന്ന സാഹചര്യത്തിൽ ടിയാളുടെ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകണമെന്നും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മൈക്രോബയോളജി വിഭാഗത്തിന് കീഴിൽ പ്രവർ ത്തിക്കുന്ന **VRDL Influenza** പ്രോജക്ടിൽ ജൂനിയർ നഴ്സ് തസ്തികയിൽ ശ്രീമതി. ഗീതു പ്രേം.എ.പി-യെ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നിയമിച്ച മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ നടപടി സാധൂകരിച്ചു കൊണ്ടും, ശ്രീമതി ഗീതു പ്രേം.എ.പി യുടെ സേവനകാലാവധി **31.01.2026** മുതൽ ഒരു വർഷത്തേക്കോ അല്ലെങ്കിൽ പ്രൊജക്സ് കാലാവധി അവസാനിക്കുന്നതു വരെയോ ഏതാണോ ആദ്യം അതുവരെ ദീർഘിപ്പിച്ചു നല്കികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീകല ആർ

അണ്ടർ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ, ഗവ.മെഡിക്കൽ കോളേജ്, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ (C3/413/2025-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 04-03-2026 14:26:55

സെക്ഷൻ ഓഫീസർ